**കാലിക്കറ്റ് സർവ്വകലാശാല**
**ഡയറക്ടറേറ്റ് ഓഫ് അഡ്മിഷൻസ്**

**<u>പത്രക്കുറിപ്പ്</u>**

**<u>ബിരുദാനന്തര ബിരുദ പ്രവേശനം – രണ്ടാം അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു</u>**

2024 – 2025 അദ്ധ്യയന വർഷത്തെ പി.ജി. ഏകജാലക പ്രവേശനത്തിനുള്ള (PGCAP) രണ്ടാം അലോട്ട്മെന്റ് admission.uoc.ac.in എന്ന വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചു.

പുതുതായി അലോട്ട്മെന്റ് ലഭിച്ച വിദ്യാർത്ഥികൾ മാൻഡേറ്ററി ഫീസ് അടക്കേണ്ടതാണ്. മാൻഡേറ്ററി ഫീസ് അടക്കാനുള്ള സൗകര്യം 05.08.2024 ന് വൈകീട്ട് 3 മണിവരെ സ്റ്റുഡന്റ് ലോഗിനിൽ ലഭ്യമായിരിക്കും. ഒന്നാം അലോട്ട്മെന്റ് ലഭിച്ച സമയത്ത് മാൻഡേറ്ററി ഫീസ് അടച്ചവർ വീണ്ടും മാൻഡേറ്ററി ഫീസ് അടക്കേണ്ടതില്ല.

അലോട്ട്മെന്റ് ലഭിച്ച് മാൻഡേറ്ററി ഫീസ് അടച്ചവർ, അഡ്മിറ്റ് കാർഡ് ഡൗൺലോഡ് ചെയ്ത്, 05.08.2024 ന് വൈകീട്ട് 3 മണിക്കുള്ളിൽ കോളേജിൽ നിർബന്ധമായും റിപ്പോർട്ട് ചെയ്ത് സ്ഥിരം (പെർമനന്റ്) പ്രവേശനം നേടേണ്ടതാണ്. അല്ലാത്ത പക്ഷം പ്രസ്തുത വിദ്യാർത്ഥികൾക്ക് ലഭിച്ചിരിക്കുന്ന അലോട്ട്മെന്റ് നഷ്ടപ്പെടുന്നതായിരിക്കും.

ഹയർ ഓപ്ഷൻ നിലനിർത്തിക്കൊണ്ട് വിദ്യാർത്ഥികൾക്ക് സ്ഥിരം അഡ്മിഷൻ എടുക്കാൻ അവസരം ലഭിക്കുന്നതാണ്. ഹയർ ഓപ്ഷൻ ക്യാൻസൽ ചെയ്യാൻ ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾക്ക് 05.08.2024 ന് വൈകീട്ട് 3 മണിവരെ സ്റ്റുഡന്റ് ലോഗിനിൽ സൗകര്യം ലഭ്യമായിരിക്കും.

C.U. Campus
30.07.2024.

(ഒപ്പ്)
**ഡയറക്ടർ**